# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 613

02.12.2014-ൽ മറുപടിക്ക്

## പാവപ്പെട്ടവർക്ക് വീട് നിർമ്മിക്കുന്നതിന് ഹൗസിംഗ് ബോർഡ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. അബ്ദുൽ ഖാദർ: | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) പാവപ്പെട്ടവർക്ക് വീട് നിർമ്മിക്കാൻ നാല് ശതമാനം പലിശക്ക് വായ്പ നൽകുന്നതിന് ഹൗസിംഗ് ബോർഡ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;<br><br>(ബി) പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പദ്ധതി പ്രകാരം അപേക്ഷ ക്ഷണിക്കുകയുണ്ടായിട്ടുണ്ടോ; ലഭിച്ച അപേക്ഷകൾ എത്ര; എത്ര പേർക്ക് വായ്പ ലഭ്യമാക്കുകയുണ്ടായി;<br><br>(സി) ഈ വർഷം എത്ര ലക്ഷം ഭവന രഹിതർക്ക് ഈ പദ്ധതി വഴി ഫണ്ട് ലഭ്യമാക്കാനുദ്ദേശിക്കുന്നുണ്ട്; ഭവന നിർമ്മാണ ബോർഡ് ഇതിലേക്ക് പണം സ്വരൂപിച്ചത് ഏതെല്ലാം നിലയിലാണെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും (സി) യും<br>പാവപ്പെട്ടവർക്ക് വീട് നിർമ്മിക്കാൻ നാല് ശതമാനം പലിശക്ക് വായ്പ നൽകുന്നതിനായി "സൗഭാഗ്യ ഭവന പദ്ധതി" സംബന്ധിച്ച പ്രൊപ്പോസൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) ലോകപാർപ്പിടദിനത്തോടനുബന്ധിച്ച് ഭവന വകുപ്പുമന്ത്രി നടത്തിയ പ്രഖ്യാപനത്തിന്റെയടിസ്ഥാനത്തിൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കാമോ? | (ഡി) ഇതിന്മേൽ സർക്കാർ തീരുമാനമായിട്ടില്ല. |

സെക്ഷൻ ഓഫീസർ